റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, 2015-ലെ കേരള ധനകാര്യ 2-ാം നമ്പർ ആക്ടിന് അനുസൃതമായാണ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. 2008-ന് മുമ്പ് നികന്നുപോയതോ നികത്തപ്പെട്ടതോ ആയ ഭൂമി, പ്രസ്തുത ഭൂമിയുടെ ന്യായവിലയുടെ 25 ശതമാനം ഈടാക്കി ക്രമവൽക്കരിക്കാവുന്നതും ന്യായവില പ്രസിദ്ധീകരിക്കപ്പെടാത്ത സംഗതിയിൽ മേൽപ്പടി ഭൂമിയുടെ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ ന്യായവിലയുടെ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ടുള്ള രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കാവുന്ന രീതിയിൽ ക്രമവൽക്കരിക്കുന്ന തരത്തിലാണ് നെൽവയൽ സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. 2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടിയാണ് ഇത്തരത്തിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ബിൽ ഭേദഗതി ചെയ്തിട്ടുള്ളത്. പുതിയ ഭേദഗതി അനുസരിച്ച് 2008-ന് മുമ്പ് നികന്നുപോയതോ നികത്തപ്പെട്ടതോ ആയ നിലങ്ങളിൽ ഗ്രാമീണ മേഖല, നഗര മേഖല എന്ന രീതിയിലുള്ള വേർതിരിവോ പ്രസ്തുത മേഖലകളെ ഒഴിവാക്കി നൽകാവുന്ന വസ്തുവിന്റെ അളവിനെക്കുറിച്ചോ പ്രതിപാദിച്ചിരുന്നില്ല. എന്നാൽ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 5(3)(i) വകുപ്പുപ്രകാരം നെൽവയലിന്റെ ഉടമസ്ഥന് വാസഗൃഹ നിർമ്മാണാവശ്യാർത്ഥം പഞ്ചായത്തിൽ പത്തും മുനിസിപ്പൽ കോർപ്പറേഷൻ ഭാഗങ്ങളിൽ 5 സെന്റും കൂടുതൽ നികത്തുന്നതിന് ജില്ലാതല അധികൃത സമിതിക്ക് ശിപാർശ നൽകുവാൻ പ്രാദേശികതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ അഞ്ച് സെന്റും പുതിയതായി കൊണ്ടുവന്ന 3A വകുപ്പിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിനുവേണ്ടി നിയമം ഭേദഗതി ചെയ്യുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. ഈ കാര്യത്തിൽ ധനകാര്യ ബില്ലിന്റെ അടിസ്ഥാനത്തിൽ ഒരു ബിൽ നേരത്തെതന്നെ കൊണ്ടുവന്നിട്ടുണ്ട്. അതിൽ ഭേദഗതി വരുത്തിയാൽ മതിയോ എന്ന് നിയമപരമായി പരിശോധന നടത്തി തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

(8)താലോലം കാൻസർ സുരക്ഷാ പദ്ധതികൾ

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്ന് "താലോലം" പദ്ധതിയും മറ്റൊന്ന് "കാൻസർ സുരക്ഷാ" പദ്ധതിയുമാണ്. സാമൂഹ്യ നീതി വകുപ്പ് നടത്തുന്ന എല്ലാ പദ്ധതികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

പ്രയോജനകരമായ ഒന്നാണ് ഇത്. അതിന് മുൻകൈ എടുക്കുന്ന ഗവൺമെന്റിനെയും വകുപ്പിനെയും അഭിവാദ്യം ചെയ്യാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ഈ രണ്ട് പദ്ധതിയിലും സഹായം ലഭിക്കേണ്ട ആശുപത്രികളുടെ ലിസ്റ്റിൽ മലപ്പുറം ജില്ലയിലെ ഒരു ആശുപത്രിയും ഉൾപ്പെടാത്തതുകൊണ്ട് മലപ്പുറം ജില്ലയിലെ ജനങ്ങൾക്ക് വളരെയധികം അസൗകര്യം ഉണ്ടാകുന്നു. ഈ സാഹചര്യത്തിൽ മഞ്ചേരിയിലെ ഗവൺമെന്റ് മെഡിക്കൽ കോളേജിലും തിരൂരിലെ ജില്ലാ ആശുപത്രിയിലും ഈ സഹായം കിട്ടുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്ന് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, പതിനെട്ട് വയസ്സുവരെ പ്രായമുള്ള, ശസ്ത്രക്രിയ ആവശ്യമായി വരുന്ന കുട്ടികൾ, വൃക്ക സംബന്ധമായ രോഗങ്ങൾ, സെറിബ്രൽ പാൾസി, വില്ലൻ ബാരി തുടങ്ങിയ മാരക രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന "താലോലം പദ്ധതി" സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള വിവിധ ആശുപത്രികൾ മുഖേന നടപ്പിലാക്കിവരുന്നു. ലബോറട്ടറി പരിശോധന, സർജറി, മരുന്ന് എന്നിവ പദ്ധതിയിൻകീഴിൽ പൂർണ്ണമായും സൗജന്യമായി നൽകിവരുന്നു. പരിധി നിശ്ചയിക്കാതെയുള്ള ചികിത്സാസഹായം പദ്ധതിയിലൂടെ നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 8224 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. നടപ്പുവർഷ ബഡ്ജറ്റിൽ ഇതിനായി ഏഴ് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയെ "താലോലം" പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയുള്ള ആശുപത്രികളുടെ പട്ടികയിൽ 8-6-2015 മുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. "താലോലം" പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടി ആശുപത്രിയിൽ ഒരു കൗൺസിലറെ നിയമിക്കുന്നതിനുള്ള നിർദ്ദേശം കേരള സാമൂഹ്യ സുരക്ഷാമിഷൻ ആശുപത്രി സൂപ്രണ്ടിന് നൽകിയിട്ടുണ്ട്. പദ്ധതിക്കുവേണ്ടി ആശുപത്രിയിൽ ഒരു നോഡൽ ഓഫീസറെ നിലവിലുള്ള ഡോക്ടർമാരിൽനിന്നും നിയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ കാര്യങ്ങൾ മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടപ്പിൽവരുന്ന മുറയ്ക്ക് "താലോലം പദ്ധതി" നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ട് ആശുപത്രിയിലേയ്ക്ക് കൈമാറുന്നതാണ്. കുഞ്ഞുങ്ങളുടെ കാൻസർ രോഗത്തിന് ശരിയായ ചികിത്സയും പരിചരണവും യഥാസമയം നൽകിയാൽ പൂർണ്ണമായും സുഖപ്പെടുത്തുവാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്നതിന് കാൻസർ സുരക്ഷാ പദ്ധതിയിൽ നടപ്പുവർഷം

LIBRARY ARCHIVES Kerala Legislative Assembly

7.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2564 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന കാൻസർ സുരക്ഷാ പദ്ധതിയിലേയ്ക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി മലപ്പുറം ജില്ലയിൽ നിലവിൽ ആശുപത്രി എംപാനൽ ചെയ്തിട്ടില്ല. ഇത്തരത്തിൽ കാൻസർ ബാധിതരായ കുട്ടികൾ കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്തിനെ സമീപിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ ടി പദ്ധതി ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗൗരവതരമായി പരിശോധിച്ച് ഉടൻതന്നെ അത് എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങ് പറഞ്ഞ "താലോലം" പദ്ധതി ഇപ്പോൾ മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രാബല്യത്തിലുണ്ട്. അതുകൊണ്ട് കാൻസർ സുരക്ഷാ പദ്ധതി മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ എംപാനൽ ചെയ്യുന്നതിനുള്ള നടപടി അങ്ങയുടെ സബ്മിഷന്റെ അടിസ്ഥാനത്തിൽ ഉടൻ നിർദ്ദേശം നൽകി ആരംഭിക്കുന്നതാണ്.

V മേശപ്പുറത്തുവച്ച കടലാസുകൾ

(1) ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് I പ്രകാരം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1925, 1928, പതിനൊന്നാം സമ്മേളനത്തിലെ 4962, പന്ത്രണ്ടാം സമ്മേളനത്തിലെ 480, പതിനാലാം സമ്മേളനത്തിലെ 36, 48, 50, 1744, 4349, 4386, 5604, പതിനഞ്ചാം സമ്മേളനത്തിലെ 51, 153, 3634, 3640, എന്നീ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 5688, പതിനഞ്ചാം സമ്മേളനത്തിലെ 221, 2035, 2036 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

1436/2018.

LIBRARY ARCHIVES Kerala Legislative Assembly